# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5388

25/10/2011 ൽ
മറുപടിക്ക്

## എൽ.പി./യു.പി. അസിസ്റ്റന്റുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ എൽ.പി./യു.പി. അസിസ്റ്റന്റുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളോ സർക്കുലറുകളോ പ്രാബല്യത്തിലുണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സർക്കാർ ഉത്തരവ് (പി) 249/02/പൊ.വി.വ. തീയതി 14/08/2002, സർക്കാർ ഉത്തരവ് (പി) നമ്പർ 166/03/ പൊ.വി.വ തീയതി 19/06/2003 എന്നീ ഉത്തരവുകൾ പ്രകാരമാണ് സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1 ഉം 2 ഉം ആയി ചേർക്കുന്നു. |
| (ബി) | വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് ഗവൺമെന്റ് എൽ.പി.സ്കൂളിൽ എൽ.പി.സ്കൂൾ അസിസ്റ്റന്റായി ഈ അദ്ധ്യയന വർഷം ദിവസവേതനാടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; | (ബി) | ശ്രീ. മുഹമ്മദ് ഫാരിസിനെ നിയമിച്ചിട്ടുണ്ട്. |
| (സി) | ഇതിനായുള്ള ഇന്റർവ്യൂ എന്നാണ് നടന്നത്; എത്ര പേർ പങ്കെടുത്തു; | (സി) | ഇന്റർവ്യൂ നടത്തിയത് 30/09/2011-നാണ് ഇതിൽ 10 പേർ പങ്കെടുത്തു. |
| (ഡി) | ഒന്നും രണ്ടും റാങ്കുകൾ ലഭിച്ച വ്യക്തികളുടെ പഞ്ചായത്ത്, യോഗ്യതാ പരീക്ഷയുടെ മാർക്ക്, പ്രവൃത്തി പരിചയം, ഇന്റർവ്യൂവിന് ലഭിച്ച മാർക്ക് എന്നിവ പ്രത്യേകം ലഭ്യമാക്കുമോ? | (ഡി) | അനുബന്ധം 3 ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.